# അക്കാദമിക മാസ്റ്റർ പ്ലാൻ

## പൊന്ന്യം സെൻട്രൽ എൽ.പി.സ്കൂൾ

## പൊന്ന്യം - ചോയ്യാടം

Email- hmponniamcentral@gmail.com

Phone : 9446650858



# വിദ്യാലയ ചരിത്രം

പൊന്ന്യം ചോയ്യാടം പ്രദേശത്ത് അറിവിന്റെ പൊൻവെളിച്ചം പകർന്നുനൽകുന്നതിനുവേണ്ടി സർവ്വാദരണീയനായ ശ്രീ.കുന്നുമ്മ ചാത്തുമാസ്റ്റർ 1912 ൽ ആരംഭിച്ച കുടിപ്പള്ളിക്കൂടമാണ് 1916 മുതൽ സർക്കാർ അംഗീകാരത്തോടെ പൊന്ന്യം സെൻട്രൽ എൽ.പി സ്കൂൾ എന്ന പേരിൽ ഇന്നും തലയുർത്തി നിൽക്കുന്നത് 1920 ൽ ഈ വിദ്യാലയം പെൺകുട്ടികളുടേത് മാത്രമായിമാറ്റുകയും തൊട്ടടുത്ത പുരയിടത്തിൽ ശ്രീ കുന്നുമ്മ ചാത്തുമാസ്റ്റരുടെ തന്നെ മേനേജ്മെന്റിൽ ആൺകുട്ടികൾക്കായി പൊന്ന്യം എൽ.പി സ്കൂൾ എന്ന പേരിൽ മറ്റൊരു വിദ്യാലയം സ്ഥാപിക്കപ്പെടുകയും ചെയ്തു .

മേനേജരായ ശ്രീ. ചാത്തുമാസ്റ്റർ ജീവിച്ചിരിക്കെതന്നെ പൊന്ന്യം സെൻട്രൽ എൽ.പി.സ്കൂളിന്റെ മേനേജ്മെന്റ് തന്റെ സഹോദരിയും സ്കൂൾ ഹെഡ്മിസ്ട്രസ്സുമായിരുന്ന ശ്രീ മതി കുന്നുമ്മ കല്യാണി ടീച്ചർക്ക് കൈമാറി.അവർ സർവ്വീസിലിരിക്കെ മരണപ്പെട്ടപ്പോൾ അവരുടെ ഒസ്യത്ത് പ്രകാരം സ്കൂളിന്റെ മേനേജ്മെന്റ് അവകാശം കല്യാണി ടീച്ചറുടെ സഹോദരി ശ്രീമതി കുന്നുമ്മ മാണിടീച്ചറുടെ മകൾ കുമാരി കെ.മീനാക്ഷിടീച്ചർക്ക് ലഭിച്ചു . എന്നാൽ കോടതിയുടെ ഉത്തരവ് നമ്പർ RIA 1297/66 dated 25.3.1968 പ്രകാരം സ്കൂൾ മേനേജ്മെന്റ് അവകാശം തറവാട്ടിലെ 38 പേർക്ക് തുല്യമായി വിതിക്കപ്പെടുകയും അവരിൽ സ്ഥാപകനായ കുന്നുമ്മ ചാത്തു മാസ്റ്ററുടെ സഹോദരി ശ്രീമതി കുഞ്ചിര ടീച്ചറുടെ മകളായ കുന്നുമ്മ മീനാക്ഷി എല്ലാവർക്കും അർഹതപ്പെട്ട ഷേർ നൽകി സ്കൂളിന്റെ മേനേജ്മെന്റ് ഏറ്റെടുക്കുകയും ചെയ്തു. 2014 മാർച്ച് 30ന് ശ്രീമതി കുന്നുമ്മ മീനാക്ഷി മരണപ്പെട്ടതിനെ തുടർന്ന് അവരുടെ മകൾ ശ്രീമതി കുന്നുമ്മ മഹിജകുമാരി സ്കൂളിന്റെ ഇപ്പോഴത്തെ മേനേജരായി.

## ആദ്യകാല അദ്ധ്യാപകർ

ഈ വിദ്യാലയത്തിലെ ആദ്യകാല അദ്ധ്യാപകർ ശ്രീ.കുന്നുമ്മ ചാത്തുമാസ്റ്റർ ശ്രീമതി .കുന്നുമ്മ കല്യാണി ടീച്ചർ(H M) ശ്രീ.കുന്നുമ്മ മാണിടീച്ചർ (H M ) ശ്രീ കുന്നുമ്മ കുമാരൻ മാസ്റ്റർ ശ്രീ .ആയ്യത്താൻ ചാത്തുക്കുട്ടി മാസ്റ്റർ. ശ്രീമതി കുന്നുമ്മ ജാനകി ടീച്ചർ (H M ) ശ്രീ കുന്നുമ്മ ചാത്തുക്കുട്ടി മാസ്റ്റർ .ശ്രീമതി.വി.എം.നാണി ടീച്ചർ തുടങ്ങിയവരായിരുന്ന. വിദ്യാലയത്തെ നെഞ്ചോട് ചേർത്ത ആ ഗുരുവര്യരെല്ലാം കാലയവനികക്കുള്ളിൽ മറഞ്ഞു അവരുടെ പാവന സ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. വിദ്യാലയത്തെ ധന്യരാക്കിയ സർവ്വ ശ്രീ

,രാഘവൻ മാസ്റ്റർ (H M) വി.വി.കൗസുടീച്ചർ (H M ) കെ.രവീന്ദ്രൻ മാസ്റ്റർ (H M) പി.കെ രാധടീച്ചർ (H M ) കെ.പി .വി.കൗസു ടീച്ചർ ,പി.പ്രഭ ടീച്ചർ തുടങ്ങിയവർ ഈ വിദ്യാലയത്തിൽ നിന്നും വിവിധ കാലഘട്ടങ്ങളിൽ റിട്ടയർ ചെയ്തു.

വിവിധ കാലഘട്ടങ്ങളിലെ ലീവ് വേക്കൻസികളിൽ നല്ല രീതിയിൽ സേവന മനുഷ്ടിച്ച വി.വി അംബുജാക്ഷി ,ഗൗരി ടീച്ചർ ,സുലോചന.കെ.പ്രേമവല്ലി ,സിന്ധു പ്രഭാകരൻ ,ജിജ.കെ. വി.എന്നിവരെ ഞങ്ങൾ ആദരപൂർവ്വം സ്മരിക്കുകയാണ്.

<u>ഇപ്പോഴത്തെ അദ്ധ്യാപകർ</u>

2009 ലാണ് കെ.ഷിജിത്ത് മാസ്റ്റർ ഹെഡ്മാസ്റ്ററായി ചുമതല ഏൽക്കുന്നത് .അദ്ദേഹത്തിന്റെ നേതൃത്വത്തിൽ

സഹാദ്ധ്യാപകരായ ശ്രീമതി .എം.കെ, പ്രജിന ടീച്ചർ, ശ്രീമതി ബോബി, ഷൈമ ടീച്ചർ ശ്രീ.പി.കെ.മനോഹർ എന്നിവർ വിദ്യാലയത്തിന്റെ മികവ് നിലനിർത്താൻ അക്ഷീണം പരിശ്രമിച്ചു കൊണ്ടേയിരിക്കുന്നു അദ്ധ്യപക പരിശീലനങ്ങളിൽ റിസോഴ്സ് പേഴ്സരായും ഈ വിദ്യാലയങ്ങളിലെ അധ്യാപകർ പ്രവർത്തിക്കാറുണ്ട്. പാചക തൊഴിലാളിയായ് ഇപ്പോൾസേവനമനുഷ്ഠിക്കുന്നത് ശ്രീമതി.വി.കെ.നളിനിയാണ്.

പൊന്ന്യം സെൻട്രൽ

എൽ. പി. സ്കൂൾ, പൊന്ന്യം

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ
# 2025-26

## സ്കൂൾ സമിതികൾ

വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാൻ വിവിധ ക്ലബ്ബുകളും സമിതികളും സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

പി.ടി.എ, മദർ പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി, എത്തിക്സ് കമ്മിറ്റി, ഹെൽത്ത് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, വിദ്യാരംഗം

## പി.ടി.എ

സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന പി.ടി.എ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ മികവ് ഉയർത്താൻ വേണ്ടി പരിശ്രമിക്കുന്നു. സ്കൂൾ വാർഷികാഘോഷം ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കാൻ പി.ടി.എ സജീവമായി. ഇടപെടുന്നു. പി.ടി.എ യോഗങ്ങളിൽ നല്ല പങ്കാളിത്തമുണ്ടാകാറുണ്ട്.

പി.ടി.എ യോഗങ്ങളിൽ അമ്മമാരാണ് കൂടുതലായി പങ്കെടുക്കാറുള്ളത്. ചില രക്ഷിതാക്കൾ പി.ടി.എ യോഗങ്ങളിൽ പങ്കെടുക്കാൻ വൈമുഖ്യം കാണിക്കാറുണ്ട്. യോഗങ്ങളിൽ സജീവമായ ചർച്ചകൾ രക്ഷിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകാറില്ല.

## മദർ പി.ടി.എ

പി.ടി.എ യോഗങ്ങളിൽ കൂടുതലായും അമ്മമാരാണ് പങ്കെടുക്കാറുള്ളത്. മദർ പി.ടി.എ എന്ന രീതിയിൽ യോഗങ്ങളും പ്രവർത്തനങ്ങളും കുറവാണ്. മദർ പി.ടി.എ കൂടുതൽ സജീവപ്പെടേണ്ടതാണ്.

## എസ്.എസ്.ജി

എസ്.എസ്.ജി എന്ന രീതിയിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. എസ്.എസ്.ജി കൂടുതൽ സജീവമാക്കേണ്ടതുണ്ട്.

## എസ്.ആർ.ജി

എസ്.ആർ.ജി വെള്ളിയാഴ്ചകളിൽ ഉച്ച സമയത്തും ചില ദിവസങ്ങളിൽ വൈകുന്നേരങ്ങളിലും ചേരാറുണ്ട്. എസ്.ആർ.ജി യോഗങ്ങളിൽ റിവ്യൂ, പ്ലാനിംഗ് തുടങ്ങിയവ നല്ല രീതിയിൽ നടക്കാറുണ്ട്. പാഠഭാഗവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് നിവാരണമുണ്ടാകാറുണ്ട്.

എസ്.ആർ.ജി യോഗങ്ങൾ അവധി ദിവസങ്ങളിലോ സ്കൂൾ സമയത്തല്ലാതപ്പോഴോ കൂടുതൽ സമയമെടുത്ത് ചേരണം. എസ്.ആർ.ജി യിൽ പങ്കെടുക്കുന്നവർ വരുന്ന ആഴ്ചയിലുള്ള പാഠാസൂത്രണം അവതരിപ്പിക്കുകയും അത് മെച്ചപ്പെടുത്താൻ ആവശ്യമായ ചർച്ചകളും നടക്കേണ്ടതുണ്ട്. പഠന പ്രവർത്തനങ്ങളിലെ റിവ്യൂ നടത്തി പരിഹാര ബോധനം രൂപപ്പെടുത്തണം.

## എൻ.എം.പി

എൻ.എം.പി കമ്മിറ്റി സജീവമായി പ്രവർത്തിക്കുന്നു. സ്പെഷ്യൽ അരി വിതരണ സമയത്തും മറ്റും അംഗങ്ങൾ സജീവമായി ഇടപെടാറുണ്ട്.

ഉച്ചഭക്ഷണം വൈവിധ്യമുള്ളതാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. മാസത്തിൽ ഒരു തവണ യോഗം ചേരുകയും ഉച്ചഭക്ഷണ പരിപാടി വിലയിരുത്താറുമുണ്ട്.

## ഹെൽത്ത് ക്ലബ്ബ്

അധ്യയന വർഷാരംഭത്തിൽ തന്നെ ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്യാറുണ്ട്. കുട്ടികൾക്ക് നല്ല ആരോഗ്യ ശുചിത്വ ബോധമുണ്ടാക്കാൻ ക്ലബ്ബ് പ്രവർത്തനം വഴി കഴിയാറുണ്ട്. കുട്ടികളെ ക്വിസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കാനും കഴിയാറുണ്ട്.

രക്ഷിതാക്കൾക്ക് കൂടി പ്രയോജനമാകുന്ന രീതിയിൽ ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കുവാൻ കഴിയണം.

## ഗണിത ക്ലബ്ബ്

അക്കാദമിക വർഷാരംഭത്തിൽ തന്നെ ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. ഗണിതത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ, ഗണിത പെട്ടി, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കാറുണ്ട്.

## ഇംഗ്ലീഷ് കോർണർ

കുട്ടികളുടെ ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കാനും ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന ലഘു പ്രവർത്തനങ്ങൾ ഇംഗ്ലീഷ് കോർണർ സംഘടിപ്പിക്കാറുണ്ട്.

ഇംഗ്ലീഷ് അനായാസകരമായി സംസാരിക്കാനും എഴുതാനും കഴിയുന്ന തരത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## വിദ്യാരംഗം

വിദ്യാരംഗം ഉപജില്ലാതലത്തിൽ ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു. സ്കൂൾ തലത്തിൽ ശിൽപശാല സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്ത്തല വിദ്യാരംഗം ശിൽപശാലകളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്.

കുട്ടികളെ സർഗ്ഗാത്മക രചനകളിലേക്ക് നയിക്കുന്ന തരത്തിൽ ശിൽപശാലകൾ കൂടുതൽ പെടുത്തേണ്ടതുണ്ട്.

## സയൻസ് കോർണർ

അക്കാദമിക വർഷാരംഭത്തിൽ തന്നെ സയൻസ് ക്ലബ്ബ് രൂപീകരിക്കുന്നു. കുട്ടികൾക്ക് പരീക്ഷണത്തിനും നിരീക്ഷണത്തിനും പ്രാധാന്യം നൽകിയും മറ്റും ശാസ്ത്ര പഠന പ്രവർത്തനങ്ങൾ മുന്നേറുന്നു. ശാസ്ത്ര പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ക്വിസ് മത്സരം, ചോദ്യോത്തര പെട്ടി എന്നിവ സംഘടിപ്പിക്കാറുണ്ട്.

പൊന്ന്യം സെൻട്രൽ എൽ. പി. സ്കൂൾ

അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല മലയാളം

വായിക്കാം രസിക്കാം

ലക്ഷ്യം.

മുഴുവൻ കുട്ടികൾക്കും തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് വായനാശീലം വളർത്തുക.

. സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കുകയും സാഹിത്യാഭിരുചി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

. പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു.

| S.No | ലക്ഷ്യം | ടാർഗറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | തെറ്റു കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നതിന്<br><br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് വായനാശീലം വളർത്തുന്നതിന്<br><br>സർഗാത്മകരചനകളിൽ ഏർപ്പെടുന്ന | 1 മുതൽ 4 വരെ | മണലെഴുത്ത്.<br>ചിത്രവായന<br>ലൈബ്രറി ശാക്തീകരണം<br>വായനാമൂല ഒരുക്കൽ<br>ഇ വായന<br>ബാലപംക്തി<br>വായനക്കുറിപ്പ് - അസംബ്ലി<br>വായനമത്സരം<br>ശില്പശാല<br>പതിപ്പ് നിർമാണം<br>പിടിഎ യോഗത്തിൽ പ്രദർശനം. | ജൂൺ മുതൽ ജനുവരി വരെ | ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ<br><br>വിദ്യാരംഗം |

പൊന്ന്യം സെൻട്രൽ എൽ പി. സ്കൂൾ

# അക്കാദമിക മാസ്റ്റർപ്ലാൻ

മേഖല . ഗണിതം

## ഉല്ലാസ ഗണിതം

ലക്ഷ്യം

1. ഗണിത പഠനം ആസ്വാദ്യകരമായി മാറ്റുന്നതിന് വിവിധ പ്രവർത്തനങ്ങൾ കളികൾ എന്നിവയിലൂടെ ഗണിതത്തിൽ താൽപര്യം വളർത്തി ആസ്വാദ്യകരമാക്കി മാറ്റുന്നതിന്
2. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് ക്ലാസിനനുസരിച്ച് ഗണിതക്രിയകൾ ഉറപ്പിക്കുന്നു.
3. ഗണിതവുമായി ബന്ധപ്പെട്ട പ്രശ്നപരിഹരണശേഷി വളർത്തുന്നതിനും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനും

| ക്ര.നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഗണിതത്തിൽ താൽപര്യം വളർത്തുന്നതിനും ഗണിതം ആസ്വദിക്കുന്നതിനും | 1 മുതൽ 4 വരെ | കളിപ്പെട്ടി – ഗണിതകേളികൾ<br>കാർഡ് കളി<br>ഡൈസ് കളി - സംഖ്യാനിർമാണ<br>ഡൊമിനോ കളി<br>മനക്കണക്ക്<br>അബാക്കസ് - ഗണിതത്തിന്<br>കുസൃതിക്കണക്ക്<br>ജ്യാമിതീയ രൂപങ്ങൾ<br>ടാൻഗ്രാം തയാറാക്കൽ<br>പഠനോപകരണം തയാറാക്കൽ | ജൂൺ മുതൽ | SRG<br>ക്ലാസ് അധ്യാപകർ | |
| 2. | ചതുഷ്ക്രിയകൾ ഉറപ്പിക്കും. | | സംഖ്യാചക്രം<br>കളിപ്പെട്ടി, സംഖ്യാപെട്ടി<br>മനഗണിതം. ഉല്ലാസഗണിതം<br>ഗണിതവിജയം പ്രവർത്തനങ്ങൾ. സംഖ്യാപാട്ടുകൾ | | SRG<br>ക്ലാസ് അധ്യാപകർ | |
| 3 | പ്രായോഗിക പ്രശ്നപരിഹാരം | | മനഗണിതം, വർക്ക്ഷീറ്റ് തയാറാക്കൽ,<br>ഡൊമിനോ | | ക്ലാസ് അധ്യാപകർ | |

# മേഖല · ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷയിലുള്ള താൽപര്യം വർദ്ധിപ്പിക്കുക
2. ഇംഗ്ലീഷ് ഭാഷയിലുള്ള പദസമ്പത്ത് വർദ്ധിപ്പിക്കുക.
3. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക
4. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
5. ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

പൊന്ന്യം സെൻട്രൽ എൽ. പി. സ്കൂൾ

അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല. ഇംഗ്ലീഷ്

ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം.

ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷയിലുള്ള താൽപര്യം വർദ്ധിപ്പിക്കുക
2. ഇംഗ്ലീഷ് ഭാഷയിലുള്ള പദസമ്പത്ത് വർദ്ധിപ്പിക്കുക
3. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക
4. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
5. ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

| Sl. No | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | സമയ പരിധി | ചുമതല | [illegible] |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷാ പഠനത്തിന് വർദ്ധിപ്പിക്കുക | 1 – 4 വരെ ക്ലാസുകൾ | ഇംഗ്ലീഷ് [illegible] പദചാർട്ടുകൾ<br>ചിത്രചാർട്ടുകൾ<br>കഥ പാഠങ്ങൾ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| 2 | ഇംഗ്ലീഷ് ഭാഷയിൽ താൽപര്യം വർദ്ധിപ്പിക്കുക | | ഇംഗ്ലീഷ് ക്ലാസ് 9മണിമുതൽ<br>ഹലോ ഇംഗ്ലീഷ്.<br>Action songs | | | |
| 3 | മികച്ച വായനാശീലം ഭാഷയിൽ വികസിപ്പിക്കുക | | ലൈബ്രറി പുസ്തകങ്ങൾ<br>വായനാകാർഡുകൾ<br>കഥാചാർട്ടുകൾ | | | |
| 4 | ഇംഗ്ലീഷ് അന്തരീക്ഷം ഒരുക്കൽ | | ഇംഗ്ലീഷ് അസംബ്ലി | | ഇംഗ്ലീഷ് ക്ലബ് | |
| 5 | സ്പോക്കൺ ഇംഗ്ലീഷ് | | സംഭാഷണം<br>റോൾപ്ലേ<br>നൃത്താവതരണം<br>ഇംഗ്ലീഷ് ഡേ | ജനുവരി | SRG | |

## മേഖല : ശാസ്ത്രം

### ആമുഖം

ശാസ്ത്ര പഠനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് പരീക്ഷണം .പ്രശ്ന പരിഹരണത്തിനാവശ്യമായ പരീക്ഷണത്തിലേർപ്പെടൽ പരീക്ഷണം സ്വന്തമായി ആസൂത്രണം ചെയ്യൽ, ഉപകരണം കൈകാര്യം ചെയ്യാൽ തുടങ്ങിയ ശേഷികൾ കുട്ടികളിൽ വികസിക്കേണ്ടതുണ്ട് ഇതിനൊക്കെ നിരന്തരമായി പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടണം. പരീക്ഷണങ്ങൾ ചെയ്യനായി സയൻസ് കോർണർ ഫലപ്രദമായി രീതിയിൽ സജ്ജമാക്കേണ്ടതുണ്ട്.കുട്ടികൾക്ക് ലഘുപരീക്ഷണങ്ങളിലൂടെ കാര്യങ്ങൾ സ്വയം മനസ്സിലാക്കാനും പഠനം ഏറെ രസകരമാക്കാനും ലഘു പരീക്ഷണങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്.

### വെള്ളം മണ്ണിൽ താഴുന്നു

ജലസ്രോതസ്സുകളിലും മറ്റും എങ്ങനെയാണ് ശുദ്ധ ജലം ലഭ്യമാകുന്നത് അതിനുള്ള ഒരു പരീക്ഷണമാണിത്. ഒരു ബക്കറ്റെടുത്ത് അതിൽ നിറയെ മണ്ണെടുത്ത് ,അടിഭാഗത്ത് ദ്വാരമിട്ട ഒരു പ്ലാസ്റ്റിക്ക് കുപ്പി ഊന്നിയിടുന്നു തുടർന്ന് മണ്ണിൽ കുറച്ചായി വെള്ളം ഒഴിക്കുന്നു പിന്നീട് താഴുന്ന ജലം പ്ലാസ്റ്റിക് കുപ്പിയിൽ നിറയുന്നതായി കാണുന്നു.

### പ്രകാശം നേർ രേഖയിൽ

സ്റ്റാൻഡിൽ ഘടിപ്പിച്ച 2 കാർഡ് ബോർഡെടുത്ത് തുല്യ അകലത്തിലായി ഒരു മെഴുകുതിരി കത്തിച്ചുവെയ്ക്കുക.ഒരോ കാർഡ് ബോ:ാർഡിലും ദ്വാരമിടുക .ദ്വാരത്തിലൂടെ മെഴുകുതിരിയുടെ പ്രകാശം നോക്കുക.നോക്കുമ്പോൾ നേരായ ദിശയിൽ കാണുന്നു എന്നാലിത് കാർഡ് ബോർഡ് ചെറുതായി ചലിപ്പിക്കുക ദ്വാരത്തിലൂടെ നോക്കുമ്പോൾ മെഴുകുതിരിയുടെ പ്രകാശം കാണുന്നില്ല.ഇതിനർത്ഥം പ്രകാശം നേർരേഖയിലാണ് സഞ്ചരിക്കുന്നതെന്ന് വ്യക്തമാകുന്നു.

### ആകൃതിയുള്ളവയും ഇല്ലാത്തവയും

ജലം,കല്ല്,എന്നിവയുടെ ആകൃതി എന്താണെന്ന ധാരണയുണ്ടാക്കാനാണ് ഈയൊരു പരീക്ഷണം .കുപ്പിയെടുത്ത് ജലം ഒഴിക്കുക അതോടൊപ്പം കുപ്പിയുടെ വായ് വട്ടത്തിൽ കല്ല് ഇടാൻ ശ്രമിക്കുക എന്തു സംഭവിക്കുന്നു. കുപ്പിയിൽ ജലം ഒഴികുമ്പോൾ മാത്രമാണ് ജലത്തിന് നിശ്ചിതമായ ആകൃതി വരുന്നത് .ജലത്തിന് നിശ്ചിതമായ ആകൃതിയില്ല.അത് ഉൾക്കൊള്ളുന്ന പാത്രത്തിലാണ് ആകൃതി സ്വീകരിക്കുന്നത് എന്നാൽ കല്ലിന് ആകൃതിയും വലുപ്പവുമുണ്ട്

### വായുവിന് ആകൃതി ഉണ്ടോ

വായുവിന് ആകൃതിയില്ലായെന്ന് ബോധ്യപ്പെടുത്തുന്നതിനാണ് ഈ പരീക്ഷണം. എന്തു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് പല ആകൃതിയിലിയു വലുപ്പത്തിലുമുള്ള ബലൂൺ പാവകൾ ഊതി വിർപ്പിച്ചു നോക്കു.പിന്നീട് വായ തുറന്നു വിടു എന്തു സംഭവിക്കുന്നു.?

പല ആകൃതിയുള്ള ബലൂണുകളിൽ വായു നിറച്ചപ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് കണ്ടത്? നിങ്ങളുടെ കണ്ടെത്തലുകൾ പരിസരപുസ്തകത്തിൽ കുറിക്കുന്നു.

### നീരാവി തണുത്ത ജലമായി മാറുന്നവസ്ഥ

നീരാവി എന്താണെന്ന് മനസ്സിലാക്കാൻ വേണ്ടി ഒരു പാത്രത്തിൽ അരഭാഗത്തോളം വെള്ളമെടുത്ത് ചൂടാക്കി മൂടി തുറന്നപ്പോൾ എന്ത് സംഭവിക്കുന്നു തുടർന്ന് നീരാവി തണുത്ത് ജലമായി മാറുന്നവസ്ഥയും ചർച്ച ചെയ്യുന്നു

## വായുവിന്റെ വിശേഷങ്ങൾ

വായുവിന്റെ സവിശേഷതകൾ പ്രതിഫലിക്കുന്ന നിർമാണ പ്രവർത്തനങ്ങളിലേർപ്പെടുന്നു. വെള്ളത്തിലോടുന്ന ബലൂൺ ബോട്ട് സോപ്പു പെട്ടിയുടെ അടപ്പിന്റെ ഒരു വശത്ത് താഴെയൊരു ദ്വാരമിടുക ,സ്ട്രോയുടെ അറ്റത്ത് ബലൂൺ കെട്ടി വയ്ക്കുക..സ്ട്രോയുടെ മറ്റേ അറ്റം സോപ്പുപെട്ടിയുടെ ദ്വാരത്തിലൂടെ പുറത്തേക്കു കടത്തുക.സ്ട്രോയിലൂടെ ഊതി ബലൂൺ വീർപ്പിക്കുക വായു പുറത്തേക്കു പോകാത്ത തരത്തിൽ വിരലുകൾ കൊണ്ട് അമർത്തിപ്പിക്കു ഒരു വലിയ പരന്ന പാത്രത്തിലെ വെള്ളത്തിൽ സ്ട്രോയുടെ അറ്റം മുങ്ങിയിരിക്കുന്ന വിധത്തിൽ ബലബൂൺ ബോട്ട് വച്ച് പതുക്കെ കൈവിടൂ…ബലൂൺ ബോട്ട് കുതിക്കുന്നത് കണ്ടില്ലേ!

## ശക്തിമാൻ

ഒഴുകുന്ന ജലത്തിന് ശക്തിയുണ്ടെന്ന് തെളിയിക്കുന്ന പരീക്ഷണമാണിത്. ഈ പ്രവർത്തനം ജലവൈദ്യുത നിലയങ്ങളുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ട് ജലത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് എങ്ങനെയെന്ന് ചർച്ച ചെയ്യുന്നു.

പരീക്ഷണം ചെയ്യുന്നതിനായി ഒരു ജല ചക്രം നിർമിക്കുന്നു

ചിത്രം ശ്രദ്ധിച്ചല്ലോ

എന്തുകൊണ്ടാണ് ജലചക്രം തിരിയുന്നത്?

പരീക്ഷണം നിർവഹിച്ച് പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട് എന്ന് നിഗമനം രൂപീകരിക്കുന്നു.

## മഴ പെയ്യിക്കാം

ഗ്ലാസ് ഭരണിയിൽ പകുതിയോളം തിളച്ച വെള്ളം ഒഴിക്കുക .ഭരണിയുടെ വായ്ഭാഗം ഒരു പ്ലേറ്റ് കൊണ്ട് മൂടുക ഇനി ഐസ് കക്ഷണങ്ങൾ പ്ലേറ്റിന് മുകളിൽ വയ്ക്കുക.ഇപ്പോൾ പ്ലേറ്റിനടിയിൽ എന്താണ് കാണുന്നത് ? നിരീക്ഷിക്കുന്നു.

## നിരീക്ഷണ ഫലം

പ്ലേറ്റിന് അടിയിൽ ചെറിയ ജലകണങ്ങൾ പറ്റിപ്പിടിക്കുന്നതു കാണാം .ഈ ജലകണങ്ങൾ സാവധാനം ചൂടുവെള്ളത്തിലേക്ക് വീഴുമ്പോൾ ഭരണിക്കുള്ളിൽ മഴ പെയ്യുന്നതായി തോന്നും.

ഐസ് കണങ്ങൾ പ്ലേറ്റിനെ തണുപ്പിക്കുന്നു.ഭരണിയിലെ നീരാവി പ്ലേറ്റിനടിയിൽ തട്ടി തണുത്ത ജലകണങ്ങളായി താഴേക്ക് പതിക്കുന്നു.ഭൗമോപരിതലത്തിൽ നിന്നുയരുന്ന നീരാവി അന്തരീക്ഷണത്തിലെ തണുത്ത വായു പ്രതലത്തിൽ തട്ടി ഘനീഭവിച്ച് മഴയായി ഭൂമിയിലേക്ക് പതിക്കുന്നു.

# മേഖല - പ്രവൃത്തി പഠനം

**ആമുഖം**

പാഠ്യവസ്തുതകൾ താൽപര്യജനകവും അർത്ഥപൂർണ്ണവുമാകുക വഴിയാണ് പഠനം കൂടുതൽ ഫലപ്രദമാകുന്നത്. വിവിധ പഠന ശൈലികൾ, പഠന വേഗം എന്നിവ പരിഗണിച്ചുകൊണ്ട് വിവിധ അനുഭവങ്ങൾ നൽകിയാൽ മാത്രമേ പഠനം പൂർണ്ണമാകു. വൈകാരികവും വൈജ്ഞാനികവുമായ വികാസം സാധ്യമാകാൻ പ്രവൃത്തി പഠനത്തിന് കഴിയും. പ്രവൃത്തിപഠനത്തിന്റെ അടിത്തറ മാനവശേഷി വികസനമാണ്. രാഷ്ട്ര നിർമ്മാണത്തിനുതകുന്ന രീതിയിൽ കുട്ടികളുടെ കഴിവുകൾ വളർത്തേണ്ടതുണ്ട്. തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹ്യബോധമുള്ള പുതിയ തലമുറയെ വാർത്തെടുതക്കുക എന്നതും പ്രവൃത്തി പഠനത്തിന്റെ ലക്ഷ്യങ്ങളാണ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനും തൊഴിലിനോട് താൽപര്യം വളർത്തുന്നതിന് | പ്രവൃത്തി പരിചയ പരിശീലനങ്ങൾ<br>പാവ നിർമ്മാണം<br>പായ, കൊട്ട, വട്ടി നിർമ്മാണം, കുട നിർമ്മാണം എംബ്രോയിഡറി ത്രഡ് പാറ്റേൺ, ചന്ദനതിരി നിർമ്മാണം<br>ക്ലേ മോഡലിംഗ്<br>മെറ്റൽ എൻഗ്രേവിംഗ്<br>ബുക്ക് ബൈന്റിങ്<br>സ്റ്റഫ്ഡ് ടോയ്സ്<br>സ്കൂൾതല മേളകളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കൽ<br>ഉപജില്ലാ മേളകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ വസ്തുക്കൾ കണ്ടെത്തുന്നു. | ജൂൺ ഒക്ടോബർ വരെ | എസ്.ആർ.ജി | 5000/- |
| പഠന പ്രവർത്തനങ്ങളിൽ താൽപര്യം വളർത്തുന്നതിന് | മുഖംമൂടികൾ<br>ആശംസാകാർഡുകൾ<br>ഒറിഗാമി<br>പാവ നാടക സാധനങ്ങൾ<br>കടലാസുൽപന്നങ്ങൾ (പൂമ്പാറ്റ പൂക്കൾ ) നിർമ്മാണ പ്രദർശനം | ഡിസംബർ - ജനുവരി | എസ്.ആർ.ജി<br>പി.ടി.എ | 1000/- |

## മേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ കുട്ടികൾക്ക് കളികൾ ഏറെ ഇഷ്ടമാണ് കളികളെ അവരുടെ ആരോഗ്യ സംരക്ഷണത്തിന് ഉപയോഗപ്പെടുത്താൻ ചെറിയ ശ്രദ്ധയിലൂടെ നമുക്ക് കഴിയും .ആരോഗ്യ പരിപാലനത്തിൽ കളികൾക്കും കായിക വിദ്യാഭ്യാസത്തിനും വലിയ പങ്കുണ്ട്

വിദ്യായലത്തെ സംബന്ധിച്ചത്തോളം സ്വന്തമായി കളിസ്ഥലമില്ല എന്നത് ഒരു പോരായ്മയാണ്.സ്കൂളിന്റെ മുറ്റത്തെ ചെറിയസ്ഥലമാണ് ഇപ്പോൾ കുട്ടികൾ കളിക്കാൻ ഉപയോഗിക്കുന്നത്.ഈയൊരു പരിമതി പരിഹരിക്കപ്പെടേണ്ടതുണ്ട്

| s/no | പ്രശ്നം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഒരുമിച്ച് വിവിധ കളികളിൽ ഏർപ്പെടാൻ ആവശ്യത്തിന് സ്ഥമില്ലാത്ത അവസ്ഥ | സ്കൂളിന് സ്വന്തം കളി സ്ഥലം കണ്ടെത്തൽ | 3 വർഷം | സ്ഥലം | മാനേജർ ഹെഡ്മാസ്റ്റർ പി.റ്റി .എ പ്രസിഡണ്ട് |
| | കുട്ടികൾക്ക് ആവശ്യത്തിന് വ്യയാമം ലഭിക്കാത്തവസ്ഥ | ലഘു വ്യായാമങ്ങൾ (സ്ട്രെച്ചിങ്) പന്തുരുട്ടൽ ഏറ് പിടിക്കൽ<br><br>കാലുകൊണ്ട് തട്ടൽ സ്കിപിംഗ് റോപ്പ് ഒറ്റക്കാലിൽ ചാട്ടം കുതിച്ചു ചാട്ടം<br><br>നീന്തൽ പരിശീലനം<br><br>ലളിതമായ യോഗസനകളും ശ്വസനക്രിയകളും പരിചയപ്പെടുത്തുക | ജൂൺ<br><br>ജൂൺ, ജൂലൈ ആഗസ്റ്റ് | കളിയുപകരണങ്ങൾ<br><br>നീന്തൽ കുളം | ക്ലാസ് അധ്യാപകർ<br><br>എസ്.എസ്.ജി അക്വാറ്റിക്ക് ക്ലബ്ബ് |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- ഓരോ ടേം തുടങ്ങുമ്പോഴും കുട്ടി നേടേണ്ട പഠന നേട്ടങ്ങളും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ഉപജില്ല-ജില്ലാതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നടത്തി അവരെ മറ്റുള്ളവരോടൊപ്പം എത്തിക്കും
- മികച്ച ശാരീരിക, മാനസിക, വൈകാരിക ആരോഗ്യം ഉറപ്പാക്കും

# അവസ്ഥാ വിശകലനം

വിദ്യാലയ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കണമെങ്കിൽ അതിനാവശ്യമായിട്ടുള്ള വിഭവങ്ങൾ സ്കൂളിൽ ലഭ്യമാക്കേണ്ടതുണ്ട്. ഒരു പ്രൈമറി സ്കൂളിന് അവശ്യം വേണ്ട സൗകര്യങ്ങൾ ഇന്ന് സ്കൂളിന് ലഭ്യമാണ്. എന്നാൽ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. സ്കൂൾ പ്രവർത്തിച്ചു വരുന്നത് സുരക്ഷിതമായ ഓട് മേഞ്ഞ കെട്ടിടത്തിലാണ്. വൈദ്യുതീകരിച്ചിട്ടുണ്ട്. വിവിധ ക്ലാസുകൾ പാർട്ടീഷൻ തട്ടികൾ ഉപയോഗിച്ച് തിരിച്ചിട്ടുണ്ട്. ഹാളിനകത്ത് ഐ.ടി ക്ലാസ് റും പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. ഓഫീസ് റൂമിന് പ്രത്യേക സ്ഥാലമുണ്ട്. സ്കൂളിന് പ്രത്യേകമായി കളി സ്ഥലമില്ല. നിലവിൽ സ്കൂളിന് മുന്നിലുള്ള മുറ്റം കളിസ്ഥലമായി ഉപയോഗിക്കുന്നു. ലൈബ്രറി, ലാബ് സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് അനുയോജ്യമായ വിവിധ തരം കളി ഉപകരണങ്ങൾ സ്കൂളിലുണ്ട്.സ്കൂളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.